2026
AUGUST
31
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## മത്സ്യബന്ധനം, സമുദ്രശാസ്ത്രം, ബ്ലൂ ഇക്കോണമി മേഖലകളിൽ സീഷെൽസ് സഹകരണത്തിന് ചർച്ച

**കൊച്ചി**: സീഷെൽസ് റിപ്പബ്ലിക്കിന്റെ മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഉന്നതതല പ്രതിനിധിസംഘം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സന്ദർശിച്ചു. മത്സ്യബന്ധനം, കൃഷി, ബ്ലൂ ഇക്കോണമി എന്നീ വകുപ്പുകളുടെ ചുമതല വഹിക്കുന്ന മന്ത്രിയാണ് വാലസ് കോസ്ഗ്രോ. മത്സ്യബന്ധനം, സമുദ്രശാസ്ത്രം, ബ്ലൂ ഇക്കോണമി എന്നീ മേഖലകളിൽ അക്കാദമികവും സ്ഥാപനതലത്തിലുള്ളതുമായ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് കുസാറ്റ് അധികൃതരുമായി പ്രതിനിധിസംഘം ചർച്ച നടത്തി.

കുസാറ്റ് രജിസ്ട്രാർ പ്രൊഫ. ഡോ. അരുൺ എ. യു. പ്രതിനിധിസംഘത്തെ സ്വാഗതം ചെയ്തു. സീഷെൽസ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി കെവൻ നാൻസി, ചീഫ് പോളിസി അനലിസ്റ്റ ലിനെറ്റ ജോബർട്ട്, ബ്ലൂ ഇക്കോണമി ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി വെറോണിക് നിബുറെറ്റ്, സീനിയർ പ്രോഗ്രാം ഡെവലപ്മെന്റ് ഓഫീസർ സബ്രിന വെയ്ഡൗവർ, ഫിഷറീസ് ഡിവിഷൻ ഡയറക്ടർ ജനറൽ ഷെറീഫ മൊറൽ, സീഷെൽസ് ഫിഷറീസ് അതോറിറ്റിയിലെ അക്വാകൾച്ചർ അസിസ്റ്റന്റ് മാനേജർ വെറോണിക്ക അൽഫോൺസ്ളസീസ് എന്നിവരാണ് പ്രതിനിധിസംഘത്തിലുണ്ടായിരുന്നത്.

ഇന്ത്യസീഷെൽസ് സഹകരണം കൂടുതൽ ശക്തിപ്പെടുന്ന സാഹചര്യത്തിൽ ഇന്ത്യൻ സർവകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരണത്തിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനാണ് സന്ദർശനമെന്ന് മന്ത്രി വാലസ് കോസ്ഗ്രോ പറഞ്ഞു. മത്സ്യബന്ധനം, സമുദ്രശാസ്ത്രം, ബ്ലൂ ഇക്കോണമി എന്നീ മേഖലകളിൽ പരസ്പര അറിവ് പങ്കുവയ്ക്കുന്നതിനും സഹകരിക്കുന്നതിനും പ്രാധാന്യം നൽകുന്നതായും സ്ഥാപനങ്ങളുടെ ശക്തീകരണത്തിനും ശേഷിവികസനത്തിനും പ്രത്യേക ശ്രദ്ധ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

കുസാറ്റിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിന്റെ അക്കാദമിക ഗവേഷണ ശേഷികൾ പ്രൊഫ. മുഹമ്മദ് ഹത്ത, എമിരിറ്റസ് പ്രൊഫസർ , അവതരിപ്പിച്ചു. സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന്റെ വൈദഗ്ധ്യവും സഹകരണത്തിനുള്ള സാധ്യതകളും സ്കൂൾ ഡയറക്ടർ പ്രൊഫ. ഡോ. മിനി ശേഖരൻ അവതരിപ്പിച്ചു.

ശേഷിവികസനത്തിനായിരുന്നു ചർച്ചകളിൽ പ്രധാനമായും ഊന്നൽ നൽകിയത്. അക്കാദമിക പരിശീലനത്തിനും ശേഷിവികസനത്തിനും ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള സാധ്യതകൾ കുസാറ്റ് പ്രകടിപ്പിച്ചു. മത്സ്യബന്ധനം, അക്വാകൾച്ചർ, സമുദ്രോൽപ്പന്നങ്ങളുടെ മൂല്യവർധിത ഉൽപ്പന്ന നിർമ്മാണം, വിളവെടുപ്പാനന്തര സാങ്കേതികവിദ്യ, ഉൽപ്പന്ന വികസനം, കയറ്റുമതി, സമുദ്രശാസ്ത്രം, ബ്ലൂ ഇക്കോണമി തുടങ്ങിയ മേഖലകളിൽ രണ്ടോ മൂന്നോ ആഴ്ച ദൈർഘ്യമുള്ള തീവ്രപരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള ഇഷ്ടാനുസൃത ഹ്രസ്വകാല, നോൺക്രെഡിറ്റ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്തു. കുസാറ്റിന്റെ കൺസൾട്ടൻസി, സാങ്കേതിക സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചു.

## മൊബൈൽ ഫോണിന് വില ഇടിയും, ജിഎസ്ടി സ്ലാബ് മാറ്റിയേക്കും, കൗൺസിൽ യോഗം സെപ്റ്റംബർ 12ന്

**ന്യൂദൽഹി:** ഇന്ത്യയിൽ മൊബൈൽ ഫോണുകളുടെ വില വൈകാതെ കുത്തനെ കുറഞ്ഞേക്കും. നിലവിൽ 18 ശതമാനമാണ് മൊബൈൽ ഫോണുകൾക്ക് ജിഎസ്ടി. സെപ്‘റ്റംബർ 12ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ചേരുന്ന ജിഎസ്ടി കൗൺസിലിൽ 25,000 രൂപവരെയുള്ള ഫോണുകളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചേക്കും. കനത്ത വിലക്കയറ്റത്തെ തുടർന്ന് കഴിഞ്ഞമാസങ്ങളിൽ സമ്മർദം നേരിട്ട മൊബൈൽ ഫോൺ വിപണിക്കും ഉപഭോക്താക്കൾക്കും ഇത് വലിയ നേട്ടമായേക്കും.

ആഗോള പ്രതിസന്ധിയെ തുടർന്ന്, മെമ്മറി ചിപ്പുകളുടെ വില കൂടിയതിനാൽ ഫോണുകളുടെ വില കൂട്ടാൻ കമ്പനികൾ നിർബന്ധിതരായിരുന്നു. 500 രൂപ മുതൽ 12,000 രൂപവരെയാണ് വിവിധ മോഡലുകൾക്ക് വില ഉയർന്നത്. ഇതോടെ ഈ വർഷം ജനുവരിമാർച്ചിൽ സ്മാർട് ഫോൺ വിൽപന 7.9% നഷ്ടം നേരിട്ടു. ഏപ്രിൽജൂണിൽ നഷ്ടം 11.1 ശതമാനമായി കൂടി. ഈ പശ്ചാത്തലത്തിലാണ് ഫോണുകളുടെ ജിഎസ്ടി കുറയ്ക്കാനുള്ള നീക്കം. അതേസമയം, ജിഎസ്ടി കൗൺസിലിന്റെ അജൻഡ ഔദ്യോഗികമായി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

2.5 ലക്ഷം രൂപവരെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) ക്ലെയിം ചെയ്യുന്ന കമ്പനികളുടെ ജിഎസ്ടി റജിസ്ട്രേഷൻ ചട്ടങ്ങൾ പരിഷ്കരിക്കുന്നതും കൗൺസിൽ ചർച്ച ചെയ്തേക്കും. കഴിഞ്ഞവർഷം സെപ്റ്റംബറിലാണ് ഇതിനുമുൻപ് ജിഎസ്ടി കൗൺസിൽ യോഗം ചേർന്നത്. ജിഎസ്ടി 2.0 അവതരിപ്പിക്കുകയും സ്ലാബ് ഘടന മൊത്തത്തിൽ പൊളിച്ചെഴുതുകയും ചെയ്തത് ആ യോഗത്തിലായിരുന്നു.

5%, 12%, 18%, 28% എന്നിങ്ങനെയായിരുന്നു 2017ൽ ജിഎസ്ടി അവതരിപ്പിച്ചതു മുതൽ സ്ലാബുകൾ. കഴിഞ്ഞവർഷത്തെ യോഗത്തിൽ 12%, 28% സ്ലാബുകൾ എടുത്തുകളഞ്ഞു. ഈ സ്ലാബുകളിലെ ഉൽപന്ന/സേവനങ്ങളെ 5%, 18% സ്ലാബുകളിലേക്കു മാറ്റി. 28% സ്ലാബിലുണ്ടായിരുന്ന ആഡംബര സേവനങ്ങൾ/ഉൽപന്നങ്ങൾ എന്നിവയെയും ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ട സിഗരറ്റ് പോലുള്ള ഉൽപന്നങ്ങളെയും 40% എന്ന പ്രത്യേക സ്ലാബിലേക്കും മാറ്റി.

## മെമ്മറി ചിപ്പ് പ്രതിസന്ധി: സ്മാർട്ട് ഫോൺ വിപണിയിൽ തകർച്ച

**ന്യൂദൽഹി:** ആഗോള സ്മാർട്ട് ഫോൺ വിപണി കടുത്ത പ്രതിസന്ധിയിലേക്ക്. മെമ്മറി ചിപ്പുകളുടെ ക്ഷാമവും വിലക്കയറ്റവും മൂലം 2026ൽ ആഗോളതലത്തിൽ സ്മാർട്ട് ഫോൺ കയറ്റുമതിയിൽ 16.7 ശതമാനത്തിന്റെ റിക്കാർഡ് ഇടിവുണ്ടാകുമെന്ന് പ്രമുഖ വിപണി ഗവേഷണ സ്ഥാപനമായ ഐഡിസി വ്യക്തമാക്കി. സ്മാർട്ട് ഫോൺ വ്യവസായത്തിൻറെ ചരിത്രത്തിലെ ഏറ്റവും വലിയ വാർഷിക ഇടിവാണിത്.

കയറ്റുമതി ഏകദേശം 100 കോടി യൂണിറ്റുകളിലേക്കു ചുരുങ്ങുമെങ്കിലും, ഫോണുകളുടെ ശരാശരി വില കുത്തനെ ഉയർന്നതോടെ ആകെ വിപണിമൂല്യം 6.3 ശതമാനം വർധിച്ച് 61,300 കോടി ഡോളറിലെത്തുമെന്നാണ് റിപ്പോർട്ട്.

2025 അവസാനത്തോടെ ആരംഭിച്ച മെമ്മറി ചിപ്പ് ക്ഷാമം 2026ന്റെ



രണ്ടാം പകുതിയോടെ കൂടുതൽ രൂക്ഷമായിരിക്കുകയാണ്. നാൻഡ് , ഡിറാം ചിപ്പുകളുടെ വിലയിൽ 300 ശതമാനത്തിലധികം വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിർമാണച്ചെലവു കുതിച്ചുയർന്നതോടെ കമ്പനികൾ ഇതിന്റെ ബാധ്യത ഉപഭോക്താക്കളിലേക്കു മാറ്റാൻ തുടങ്ങി. ചിപ്പ് വിലക്കയറ്റം 2028 വരെയെങ്കിലും തുടരാനാണു സാധ്യത.

ഇതോടെ 2026ൽ ഒരു സ്മാർട്ട് ഫോണിന്റെ ശരാശരി വില 27.6 ശതമാനം ഉയർന്ന് 581 ഡോളറിലെത്തും (ഏകദേശം 48,000 ത്തിലധികം). മുൻ വർഷങ്ങളെ അപേക്ഷിച്ച് ശരാശരി 147 ഡോളറിലധികമാണ് ഫോൺ വിലയിൽ വന്നിരിക്കുന്ന വർധന.100 ഡോളറിന് താഴെയുള്ള ബജറ്റ് സ്മാർട്ട്ഫോണുകളുടെ ഉത്പാദനം കമ്പനികൾ കൂട്ടത്തോടെ നിർത്തലാക്കുകയാണ്. ലാഭവിഹിതം തീരെ കുറഞ്ഞ ഈ വിഭാഗത്തിൽ രണ്ടാം പാദത്തിൽ മാത്രം 60 ശതമാനത്തോളം ഇടിവ് രേഖപ്പെടുത്തി. ഇന്ത്യ ഉൾപ്പെടെയുള്ള വളർന്നുവരുന്ന വിപണികളിൽ സ്മാർട്ട് ഫോൺ വിൽപന 20 ശതമാനത്തിലധികം കുറയാൻ ഇതു കാരണമാകും. വിലക്കയറ്റം മൂലം ഉപയോക്താക്കൾ പുതിയ ഫോണുകൾ വാങ്ങുന്നത് നീട്ടിവയ്ക്കാനും പഴയവ കൂടുതൽ കാലം ഉപയോഗിക്കാനും നിർബന്ധിതരാകും.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

## അമിത കൊഴുപ്പുള്ള പാക്കറ്റ് ഭക്ഷണങ്ങൾക്ക് റെഡ് കാർഡ്

**ന്യൂദൽഹി:** അമിതമായ അളവിൽ ഉപ്പ്, പഞ്ചസാര, കൊഴുപ്പ് എന്നിവയടങ്ങിയ പാക്കറ്റ് ഭക്ഷണങ്ങൾക്കുമുന്നിൽ ചുവന്ന ഷഡ്ഭുജാകൃതിയിലുള്ള മുന്നറിയിപ്പ് ലേബൽ നിർബന്ധമാക്കാൻ ഭക്ഷ്യസുരക്ഷാ അഥോറിറ്റി (എഫ്എസ്എസ്എഐ) തീരുമാനം. ഇതുസംബന്ധിച്ചുള്ള സത്യവാങ്മൂലം വെള്ളിയാഴ്ച സുപ്രീംകോടതിയിൽ സമർപ്പിച്ചു. കേരളം ആസ്ഥാനമായുള്ള ത്രീഎസ് ആൻഡ് ഔർ ഹെൽത്ത് സൊസൈറ്റി എന്ന സന്നദ്ധ സംഘടന നൽകിയ ഹർജിയിലാണ് ഭക്ഷ്യസുരക്ഷാ അഥോറിറ്റി സുപ്രീംകോടതിയിൽ നിലപാടറിയിച്ചത്.

പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി ഉപഭോക്താക്കൾക്ക് തങ്ങൾ വാങ്ങുന്ന ഭക്ഷണത്തിലെ ആരോഗ്യകരമല്ലാത്ത ഘടകങ്ങളെക്കുറിച്ച് എളുപ്പത്തിൽ മനസിലാക്കാൻ സഹായിക്കുന്നതിനാണ് ഈ നീക്കം.

നിർദിഷ്ട പരിധിയേക്കാൾ കൂടുതൽ അളവിൽ ഉപ്പ്, പഞ്ചസാര, കൊഴുപ്പ് എന്നിവയിൽ ഏതെങ്കിലും രണ്ടെണ്ണമെങ്കിലും അടങ്ങിയിട്ടുള്ള പാക്കറ്റ് ഭക്ഷണങ്ങൾക്കാണ് ആദ്യഘട്ടത്തിൽ ചുവന്ന ലേബൽ നിർബന്ധമാക്കുന്നത്. രണ്ടാം ഘട്ടത്തിൽ ഇതിൽ ഏതെങ്കിലും ഒരുഘടകം മാത്രം കൂടുതൽ അടങ്ങിയിട്ടുള്ള ഭക്ഷണപദാർത്ഥങ്ങളിലേക്കും ചുവപ്പ് ലേബലിംഗ് വ്യാപിപ്പിക്കും.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിൻറെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻറെയും മാർഗനിർദേശങ്ങൾ അടിസ്ഥാനമാക്കിയാണ് ലേബലിംഗ് തീരുമാനിക്കുന്നത്. പാക്കറ്റിൻറെ മുൻഭാഗത്ത് നൽകുന്ന ലേബലുകളിൽ അളവിൽ കൂടുതൽ കൊഴുപ്പ്, പഞ്ചസാര, ഉപ്പ് എന്നിങ്ങനെയുള്ള മുന്നറിയിപ്പുകൾ വ്യക്തമായി രേഖപ്പെടുത്തും.

ഒറ്റചേരുവ മാത്രം അടങ്ങിയ ഭക്ഷണങ്ങൾ, പ്രകൃതിദത്തമായി തന്നെ കൊഴുപ്പും ഉപ്പും പഞ്ചസാരയും അടങ്ങിയിട്ടുള്ള നെയ്യ്, ഭക്ഷ്യ എണ്ണ, പഞ്ചസാര, ശർക്കര, തേൻ തുടങ്ങിയ ഉത്പന്നങ്ങളെ തത്കാലം ലേബലിംഗിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY



മെട്രോ യാത്രയ്ക്കിടെ ഹൃദയാഘാതം സംഭവിച്ച യാത്രികന് സിപിആർ നൽകി ജീവിതത്തിലേയ്ക്ക് തിരികെ എത്തിച്ച ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിലെ അനസ്തറ്റിസ്റ്റും ക്രിട്ടിക്കൽ കെയർ സ്പെഷ്യലിസ്റ്റുമായ ഡോ. സബാഹ ഷബ്നത്തെ കൊച്ചി മെട്രോ ആസ്ഥാനത്ത് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റയുടെ നേതൃത്വത്തിൽ ആദരിക്കുന്നു.

# മെട്രോ യാത്രയ്ക്കിടെ ഹൃദയാഘാതം സംഭവിച്ച യാത്രികന് തുണയായി ഡോക്ടറുടെ സമയോചിതമായ ഇടപെടൽ; ഡോ. സബാഹ ഷബ്നത്തിന് ആദരം

**കൊച്ചി:** കൊച്ചി മെട്രോയിൽ യാത്ര ചെയ്യുന്നതിനിടെ ഹൃദയാഘാതം സംഭവിച്ച മലപ്പുറം തിരൂർ സ്വദേശിയായ അറുപതുകാരന് ഡോക്ടറുടെ സമയോചിതമായ ഇടപെടലിലൂടെ ജീവൻ തിരികെ ലഭിച്ചു. കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിലെ അനസ്തറ്റിസ്റ്റും ക്രിട്ടിക്കൽ കെയർ സ്പെഷ്യലിസ്റ്റുമായ ഡോ. സബാഹ ഷബ്നമാണ് കൃത്യസമയത്ത് പ്രഥമശുശ്രൂഷ നൽകി യാത്രക്കാരന്റെ ജീവൻ രക്ഷിച്ചത്. കഴിഞ്ഞ ഇരുപതാം തീയതി രാവിലെ പത്തരയോടെയായിരുന്നു സംഭവം. സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും അമ്മയെ കോഴിക്കോട്ടേക്ക് യാത്രയയച്ച ശേഷം പത്തടിപ്പാലത്തുള്ള ഫ്ലാറ്റിലേക്ക് മടങ്ങാൻ സൗത്ത് മെട്രോ സ്റ്റേഷനിൽ നിന്ന് യാത്ര തിരിക്കുകയായിരുന്നു ഡോക്ടർ.

മെട്രോ ട്രെയിൻ മഹാരാജാസ് കോളേജ് സ്റ്റേഷന് സമീപമെത്തിയപ്പോൾ ട്രെയിനിൽ സാമാന്യം തിരക്കുണ്ടായിരുന്നു. ഈ സമയം എതിർവശത്തിരുന്ന ഒരു യാത്രിക അസ്വസ്ഥതയോടെ വെള്ളം ചോദിക്കുകയും, തൊട്ടടുത്തായി ഒറ്റയ്ക്ക് യാത്ര ചെയ്യുകയായിരുന്ന മുതിർന്ന പൗരൻ പൊടുന്നനെ ഒരു വശത്തേയ്ക്ക് കുഴഞ്ഞുവീഴുകയുമായിരുന്നു. അപകടനില മനസ്സിലാക്കി ഉടനടി എത്തിയ ഡോ. സബാഹ ഷബ്നം അദ്ദേഹത്തിന്റെ നാഡിമിടിപ്പ് പരിശോധിക്കുകയും ഹൃദയാഘാതമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. തുടർന്ന് ഒട്ടും സമയം കളയാതെ രോഗിക്ക് അടിയന്തര സി.പി.ആർ. നൽകാൻ ആരംഭിക്കുകയായിരുന്നു.

ട്രെയിൻ ടൗൺഹാൾ സ്റ്റേഷനിൽ എത്തുമ്പോഴേക്കും രോഗി ബോധം വീണ്ടെടുക്കുകയും നാഡിമിടിപ്പ് സാധാരണ നിലയിലാവുകയും ചെയ്തു. തുടർന്ന് ടൗൺഹാൾ സ്റ്റേഷനിൽ വെച്ച് മെട്രോയുടെ മെഡിക്കൽ സംഘം രോഗിയെ ഏറ്റെടുത്ത് വിദഗ്ധ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റി. ആശുപത്രി മതിലുകൾക്ക് പുറത്തും തികഞ്ഞ പ്രൊഫഷണലിസത്തോടെയും സമർപ്പണത്തോടെയും ഒരു മനുഷ്യജീവൻ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയ ഡോ. സബാഹ ഷബ്നത്തെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റയുടെ നേതൃത്വത്തിൽ മെട്രോ ആസ്ഥാനത്ത് ആദരിച്ചു. ഇന്ദിരാ ഗാന്ധി ആശുപത്രിയിൽ കൂടിയ ബോർഡ് യോഗത്തിൽ പ്രസിഡന്റ് എം.ഒ.ജോൺ, സെക്രട്ടറി അജയ് തറയിൽ എന്നിവരും ഡോ. സബാഹയെ ആദരിച്ചു.

താൻ ജോലി ചെയ്യുന്ന ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി അധികാരികളിൽ നിന്നും സീനിയർ ഡോക്ടർമാരിൽ നിന്നും ലഭിക്കുന്ന മികച്ച പിന്തുണയും പ്രോത്സാഹനവുമാണ് ഇത്തരമൊരു അടിയന്തര സാഹചര്യത്തിൽ പതറാതെ ഇടപെടാൻ തനിക്ക് കരുത്തായതെന്ന് ഡോ. സബാഹ പറഞ്ഞു. മികച്ച ക്രിട്ടിക്കൽ കെയർ സംവിധാനങ്ങളാണ് തന്റെ ആശുപത്രിയിലുള്ളതെന്നും അവർ കൂട്ടിച്ചേർത്തു. സോഫ്റ്റ്വെയർ എൻജിനീയറായ മുഹമ്മദ് ഇർഷാദാണ് ഡോ. സബാഹയുടെ ഭർത്താവ്. കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിലെ വിദ്യാർത്ഥിനികളായ സഹായശൽ (നാലാം ക്ലാസ്), ഇൻഷാ മറിയം (ഒന്നാം ക്ലാസ്) എന്നിവരാണ് മക്കൾ



## ഉണർവ് 2026 എൻ.എസ്.എസ്. ക്യാമ്പ് സമാപിച്ചു

**നെടുമ്പാശ്ശേരി:** മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി എൻ.എസ്.എസ്. യൂണിറ്റ് നമ്പർ 58ന്റെ ആഭിമുഖ്യത്തിൽ നെടുമ്പാശ്ശേരി എംഎഎച്ച്എസ്എസ്യിൽ സംഘടിപ്പിച്ച സപ്തദിന സഹവാസ ക്യാമ്പ് 'ഉണർവ് 2026' സമാപിച്ചു. ഓഗസ്റ്റ് 21 മുതൽ 27 വരെ നടന്ന ക്യാമ്പ് വിവിധ സാമൂഹിക, പാരിസ്ഥിതിക, ബോധവൽക്കരണ പ്രവർത്തനങ്ങളാൽ ശ്രദ്ധേയമായി.

ഓഗസ്റ്റ് 21ന് വൈകിട്ട് അഞ്ചിന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സി. ഷെമി ജോർജ് അധ്യക്ഷത വഹിച്ചു. നെടുമ്പാശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജെസ്സി ജോർജ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യൂഹാനോൻ പൊളിക്കാർപ്പോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി.

ലഹരിയും ടി.ബി.യും വിമുക്തമായ ഭാരതം' എന്നതായിരുന്നു ക്യാമ്പിന്റെ പ്രധാന ആശയം. ലഹരി വിരുദ്ധ ബോധവൽക്കരണം, ടി.ബി. പ്രതിരോധം, പ്രകൃതി സംരക്ഷണം, സാമ്പത്തിക അച്ചടക്കം, വ്യക്തിത്വ വികസനം, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ വിവിധ ക്ലാസുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. വളണ്ടിയർമാരുടെ കലാപരിപാടികളും വിവിധ ക്യാമ്പ് പ്രവർത്തനങ്ങളും ക്യാമ്പിന് വേറിട്ട ഉണർവ് പകർന്നു.

എൻ.എസ്.എസ്. എം.ജി. സർവകലാശാല എൻഎസ്എസ് കോർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസനും എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)ഡി. മാവൂത്തുംക്യാമ്പ് സന്ദർശിച്ചു.

# കൺസ്യൂമർ ഫെഡറേഷൻ ഓഫ് കേരള ജില്ലാ സമ്മേളനം



**അങ്കമാലി :** കൺസ്യൂമർ ഫെഡറേഷൻ ഓഫ് കേരളയുടെ പതിനാറാമത് ജില്ലാ സമ്മേളനവും പുതിയ ഭാരവാഹി തിരഞ്ഞെടുപ്പും അങ്കമാലിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി.എം.ജോൺ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് എം.ആർ.ബേബി അധ്യക്ഷത വഹിച്ചു. അംഗങ്ങൾക്കുള്ള ഓണകിറ്റിന്റെ വിതരണോദ്ഘാടനം അങ്കമാലി നഗസസഭ ചെയർപേഴ്സൺ റീത്താ പോൾ നിർവ്വഹിച്ചു. മുഖ്യ പ്രഭാഷണം സംസ്ഥാന ചെയർമാൻ കെ.ജി..വിജയകുമാരൻ നായർ നടത്തി. ടി.വൈ ഏല്യാസ്, ബൈജു മേനാച്ചേരി, വി.എസ് സുഭാഷ്, ആരിഫാ മുഹമ്മദ്, ദിലീപ് ചെറുവള്ളി തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി പി.വി ലിനോയ് (പ്രസിഡന്റ്), എൽ.സഹീറ(ജനറൽ സെക്രട്ടറി), ജെ.വി.ജിൽജിത്ത് (ട്രഷറർ) എന്നിവരെയും യോഗം തിരഞ്ഞെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# റോൾസ്റോയ്സ് എയ്റോസ്പേസുമായി പങ്കാളിത്തം ശക്തിപ്പെടുത്തി സിഗ്മ

**കൊച്ചി:** പ്രതിരോധ, വ്യോമയാന രംഗത്തെ പ്രമുഖ കമ്പനിയായ സിഗ്മ അഡ്വാൻസ് സിസ്റ്റംസ് യു.കെ റോൾസ് റോയ്സ് എയ്റോസ്പേസുമായി 125 മില്യൺ പൗണ്ടിന്റെ ദീർഘകാല കരാറിൽ ഒപ്പിട്ട് പങ്കാളിത്തം ശക്തിപ്പെടുത്തുന്നു.

കരാർ പ്രകാരം, സിഗ്മയുടെ ഇന്ത്യയിലെയും യു.കെയിലെയും നിർമ്മാണ കേന്ദ്രങ്ങളിൽ വെച്ച് ബ്രോംഫോർഡ് എയ്റോ എഞ്ചിൻ റിംഗുകൾ, കേസിംഗുകൾ, ലോക്ക് പ്ലേറ്റുകൾ മറ്റ് പ്രധാന എഞ്ചിൻ ഭാഗങ്ങൾ എന്നിവ നിർമ്മിക്കും. റോൾസ് റോയ്സിന്റെ നിർദ്ദേശാനുസരണം കൂടുതൽ സമഗ്രമായ ഒരു ഡ്യുവൽസോഴ്സ് സംവിധാനം ഒരുക്കാനും ഇതിലൂടെ സാധിക്കും. ലെസ്റ്റർ ആസ്ഥാനമായി പ്രവർത്തിക്കുന്ന യു.കെ ഉപസ്ഥാപനമായ ബ്രാംഫോർഡ് പ്രിസിഷൻ സെല്യൂഷൻ വഴിയാണ് പങ്കാളിത്തം സാധ്യമായത്. പ്രധാന എയ്റോസ്പേസ് പ്രോഗ്രാമുകളിലുടനീളം ഗ്രൂപ്പിന്റെ ഉൽപന്നനിരയും നിർമ്മാണ ശേഷിയും വർദ്ധിപ്പിക്കാൻ പുതിയ പങ്കാളിത്തം സഹായിക്കും. കൂടാതെ റോൾസ് റോയ്സിന്റെ യു.കെ സപ്ലൈ ചെയിനിൽ സിഗ്മയുടെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുകയും ദീർഘകാല വരുമാന ലഭ്യത ഉറപ്പാക്കുകയും ചെയ്യും.

ബ്രോംഫോർഡ് ഏറ്റെടുക്കലിലൂടെ എയ്റോ എഞ്ചിൻ റിംഗുകൾ, കേസിംഗുകൾ എന്നിവയുടെ ഉൽപ്പാദനത്തിലും അതിനൂതനവും കൃത്യതയാർന്ന നിർമ്മാണത്തിലും സവിശേഷമായ സാങ്കേതികശേഷി സിഗ്മയ്ക്ക് കൈവരും. ഇത് സങ്കീർണമായ എഞ്ചിൻ ഭാഗങ്ങളുടെ വിപുലമായ നിര വിതരണം ചെയ്യാൻ

സിഗ്മയെ പ്രാപ്തമാക്കുന്നു. എയ്റോസ്പേസ് മേഖലയിൽ ഉയർന്ന മൂല്യമുള്ള വൻകിട പങ്കാളിത്തങ്ങളിലേക്ക് അതിവേഗം വളരാൻ ഇത് ഗ്രൂപ്പിന് കരുത്താകും.

# മൊബൈലിനും ടിവിക്കുമായി സൺ എൻഎക്സ്ടി ഷോർട്സ് അവതരിപ്പിച്ച് സൺ ടിവി


**കൊച്ചി:** സൺ ടിവി നെറ്റ്വർക്ക് പുതിയ മൈക്രോഡ്രാമ പ്ലാറ്റ്ഫോമായ എൻഎക്സ്ടി ഷോർട്സ് അവതരിപ്പിച്ചു. ടൗി ചതറന്റെ പ്രധാന ആപ്പിൽ ഇത് ലഭിക്കും. തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക, കേരളം എന്നിവിടങ്ങളിലെ പ്രേക്ഷകരുടെ മാറിവരുന്ന കണ്ടന്റ് ഉപഭോഗ രീതികൾക്ക് അനുസൃതമായി, ആകർഷകവും കുറഞ്ഞ സമയത്തിനുള്ളിൽ കഥപറയുന്നതുമായ രീതിയിലാണ് സൺ നെക്സ്റ്റ് ഷോർട്സ് പ്രേക്ഷകരിലെത്തുന്നത്.

ഡിജിറ്റൽ തലമുറയിലെ പ്രേക്ഷകർക്കിടയിൽ അതിവേഗം വളരുന്ന മൈക്രോഎന്റർടെയ്ൻമെന്റ് വിഭാഗത്തിലേക്ക് സൺ എൻഎക്സ്ടിന്റെ പ്രവേശനമാണ് ഈ ലോഞ്ച്. ഏതാനും മിനിറ്റുകൾക്കുള്ളിൽ ആസ്വദിക്കാവുന്ന, പ്രേക്ഷകരെ കഥയിലേക്ക് ആഴത്തിൽ ആകർഷിക്കുന്ന ഹ്രസ്വ ആഖ്യാനങ്ങളാണ് ഈ ഫോർമാറ്റിന്റെ പ്രത്യേകത. ദക്ഷിണേന്ത്യൻ പ്രേക്ഷകരുടെ സവിശേഷമായ സാംസ്കാരിക സ്വത്വത്തെ പ്രതിഫലിപ്പിക്കുന്ന, പ്രാദേശിക വേരുകളുള്ള കഥകൾ അവതരിപ്പിക്കുക എന്നതാണ് പ്ലാറ്റ്ഫോമിന്റെ അടിസ്ഥാന ലക്ഷ്യം.

ടൗി ചതറ ലൈബ്രറിയിൽ നിന്നുള്ള എക്സ്ക്ലൂസീവ് ഒറിജിനൽ സീരീസുകൾ, അന്താരാഷ്ട്ര ഡബ്ബ് ചെയ്ത ഷോർട്ടുകൾ, ബ്ലോക്ക്ബസ്റ്റർ സിനിമകൾ, പ്രേക്ഷകരുടെ പ്രിയപ്പെട്ട സീരിയലുകൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ കണ്ടന്റ് ശേഖരമാണ് ഈ പ്ലാറ്റ്ഫോമിലുള്ളത്.

ഐക്കണിക് ടെലിവിഷൻ സീരിയലുകൾ പുതിയ കാലത്തെ ഡിജിറ്റൽ ഉപഭോഗ രീതികൾക്ക് അനുയോജ്യമായ രീതിയിൽ പുനരാവിഷ്കരിച്ച്, വേഗത്തിൽ ആസ്വദിക്കാവുന്ന, ചെറിയ ദൈർഘ്യമുള്ള എപ്പിസോഡുകളായി അവതരിപ്പിക്കുന്നു എന്നതാണ് മറ്റൊരു പ്രധാന സവിശേഷത.

കാഴ്ചാനുഭവം കൂടുതൽ മികച്ചതാക്കുന്നതിനായി ഓരോ ഉപകരണത്തിനും അനുയോജ്യമായ രീതിയിൽ ഫ്രെയിമിംഗ് ക്രമീകരിച്ചിരിക്കുന്നു. മൊബൈൽ ഫോണുകളിൽ അടുത്തുനിന്നുള്ള ക്ലോസ്അപ്പ് ദൃശ്യങ്ങളും ടിവികളിൽ 4:3 ഫോർമാറ്റിൽ വിശാലമായ പശ്ചാത്തല ദൃശ്യങ്ങളും പ്രേക്ഷകർക്ക് ലഭിക്കും.




# യുവർ വേ ഈസ് ബ്യൂട്ടിഫുൾ': സ്ത്രീത്വത്തിന്റെ കരുത്ത് വിളിച്ചോതി ടൈറ്റൻ രാഗയുടെ പുതിയ കാമ്പയിൻ

**കൊച്ചി**: ടൈറ്റൻ രാഗയുടെ ഏറ്റവും പുതിയ കാമ്പയിനായ 'യുവർ വേ ഈസ് ബ്യൂട്ടിഫുൾ' സ്ത്രീത്വത്തെ വലിയ കരുത്തായി ആഘോഷിക്കുന്നു. ബ്രാൻഡ് അംബാസഡറായ ആലിയ ഭട്ട് അണിനിരക്കുന്ന മൂന്ന് ഭാഗങ്ങളുള്ള ഈ കാമ്പയിൻ, ദൈനംദിന ജീവിതത്തിൽ സ്ത്രീകൾ നേരിടുന്ന മുൻവിധികളെയും വിമർശനങ്ങളെയും തികഞ്ഞ ആത്മവിശ്വാസത്തോടെയും ബുദ്ധിപൂർവ്വവും നേരിടുന്നവരെ പ്രകീർത്തിക്കുന്നു. മറ്റുള്ളവരുടെ അംഗീകാരത്തേക്കാൾ സ്വന്തം വ്യക്തിത്വത്തിനും, ആത്മവിശ്വാസത്തിനും പ്രാധാന്യം നൽകുന്ന ആധുനിക സ്ത്രീയുടെ മൃദുലഭാവങ്ങൾ അവരുടെ ദൗർബല്യമല്ല, മറിച്ച് ലോകത്തെ നേരിടാനുള്ള കരുത്താണെന്ന് ഈ കാമ്പയിൻ അടിവരയിടുന്നു. തന്റെ വ്യക്തിത്വമോ സ്വഭാവസവിശേഷതകളോ അടിയറവ് വെക്കാതെ തന്നെ സമൂഹത്തിൽ മുന്നേറാൻ സ്ത്രീകൾക്ക് കഴിയുമെന്ന് ഇത് തെളിയിക്കുന്നു.

അനാവശ്യമായ അഭിപ്രായപ്രകടനങ്ങൾ, വ്യക്തിപരമായ തിരഞ്ഞെടുപ്പുകളിന്മേലുള്ള കടന്നുകയറ്റങ്ങൾ, ശാരീരിക രൂപത്തെക്കുറിച്ചുള്ള വിമർശനങ്ങൾ തുടങ്ങി സ്ത്രീകൾ നിത്യേന അഭിമുഖീകരിക്കുന്ന നിരവധി സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയാണ് കാമ്പയിനിലെ മൂന്ന് ചിത്രങ്ങളും ഒരുക്കിയിരിക്കുന്നത്. ഇത്തരം സാഹചര്യങ്ങളെ തികഞ്ഞ സഹാനുഭൂതിയോടെയും വൈകാരിക ബുദ്ധിയോടെയുമാണ് അവർ നേരിടുന്നത്. ഏതൊരു പ്രതിസന്ധിയെയും വളരെ മനോഹരമായി നേരിടാനുള്ള ആധുനിക സ്ത്രീയുടെ സഹജവാസനയെയാണ് രാഗ ഇവിടെ ആദരിക്കുന്നത്. ടൈറ്റൻറെ തനതായ പശ്ചാത്തല സംഗീതം കൂടിയാകുമ്പോൾ ഈ പരസ്യചിത്രങ്ങൾ പ്രേക്ഷകർക്ക് കൂടുതൽ ഹൃദ്യമായ അനുഭവമായി മാറുന്നു.

പുതിയ കാമ്പയിനിലൂടെ ഒരു സ്ത്രീയുടെ തനതായ സവിശേഷതകളെയും അത് പ്രകടിപ്പിക്കാൻ അവൾ കണ്ടെത്തുന്ന കരുത്തിനെയുമാണ് ബ്രാൻഡ് അവതരിപ്പിക്കുന്നത്. ഇന്നത്തെ കാലത്ത് ഗൗരവമായി പരിഗണിക്കപ്പെടാൻ ഒരു സ്ത്രീക്കും തന്റെ സ്ത്രീത്വത്തെയോ മൃദുല വികാരങ്ങളെയോ അടിച്ചമർത്തേണ്ടതില്ല. കാരുണ്യവും കരുത്തും, ദയയും ലക്ഷ്യബോധവും ഒരേസമയം അവളിൽ സമ്മേളിക്കുന്നു. കരുത്തയായ ഒരു സ്ത്രീയാകാൻ അവൾക്ക് ഒരിക്കലും അവളുടെ സ്വതസിദ്ധമായ ഗുണങ്ങളെ കൈവിടേണ്ടതില്ല എന്ന വലിയ സന്ദേശമാണ് ടൈറ്റൻ രാഗ നൽകുന്നത്. പുതിയ കാമ്പയിൻ വീഡിയോ ഇപ്പോൾ എല്ലാ ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും യൂട്യൂബിലും ലഭ്യമാണ്. ലിങ്ക് : https://youtu.be/pZTajmkbwAk

# 2,000 ശാഖകളെന്ന നാഴികക്കല്ല് പിന്നിട്ട് ബന്ധൻ ബാങ്ക്

**കൊച്ചി:** പതിനൊന്നാം ആനിവേഴ്സറി ദിനത്തിൽ 2,0000മത് ശാഖ ആരംഭിച്ച് ബന്ധൻ ബാങ്ക്. ചെന്നൈയിലെ എഗ്മോറിലാണ് പുതിയ ശാഖ പ്രവർത്തനം ആരംഭിച്ചത്. ഇതോടെ രാജ്യത്തെ ബാങ്കിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം 6,400 ആയി. ഇതോടെ രാജ്യത്തെ മുൻനിര മൂന്ന് സ്വകാര്യ ബാങ്കുകളുടെ നിരയിലേക്ക് ബന്ധൻ ബാങ്ക് എത്തി. നഗര, അർധനഗര, ഗ്രാമീണ മേഖലകളിലെ സാന്നിധ്യം കൂടുതൽ ശക്തമാക്കുകയാണ് ലക്ഷ്യം. മൈക്രോഫിനാൻസ് ഉപഭോക്താക്കൾക്കായി ലളിതമായ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കുന്ന 'ാആമിറവമി ഘശലേ' മൊബൈൽ ആപ്ലിക്കേഷനും ബാങ്ക് അവതരിപ്പിച്ചു. ആധാർ അധിഷ്ഠിത ഓൺബോർഡിങ്, അക്കൗണ്ട് വിവരങ്ങൾ, വായ്പ തിരിച്ചടവ്, സ്റ്റേറ്റ്മെന്റ്, സർട്ടിഫിക്കറ്റ് സേവനങ്ങൾ, ചാറ്റ്ബോട്ട് സഹായം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി ഭാഷാ പിന്തുണ എന്നിവ ആപ്പിലുണ്ട്. രാജ്യത്തെ 36 സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളിൽ 35 ഇടങ്ങളിലായി ബാങ്കിന് സാന്നിധ്യമുണ്ട്.

# ഇൻമെക്ക് ഒമാനിലേക്ക് ബിസിനസ് ഡെലിഗേഷൻ സംഘടിപ്പിക്കുന്നു

**കൊച്ചി:** ഇന്ത്യ, ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (സി ഇ പി എ) 2026 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ, കേരളത്തിലെ നിക്ഷേപകർക്കും വ്യവസായികൾക്കും കയറ്റുമതിക്കാർക്കും പുതിയ ബിസിനസ് അവസരങ്ങൾ കണ്ടെത്തുന്നതിനായി ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കോമേഴ്സ് (ഇൻമെക്) ഒമാനിലേക്ക് പ്രത്യേക ബിസിനസ് ഡെലിഗേഷൻ സംഘടിപ്പിക്കുന്നു. 2026 സെപ്റ്റംബർ 9, 10 തീയതികളിൽ ഒമാനിൽ നടക്കുന്ന ഒമാൻ ഇന്ത്യ ബിസിനസ് ഫോറം, ഒമാൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ടി (ഒ സി സി ഐ)യുടെ നേതൃത്വത്തിൽ ഇൻമെക്ക് ഒമാൻ ചാപ്റ്ററിന്റെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. സി ഇ പി എയുടെ ഭാഗമായി വ്യാപാരം, നിക്ഷേപം, ജോയിന്റ് വെഞ്ചേഴ്സ്, മാനുഫാക്ചറിംഗ്, ലോജിസ്റ്റിക് സ്, ഫ്രീ സോൺസ്, ഫുഡ് പ്രൊസസിംഗ്, മൈനിംഗ്, റിന്യൂവബിൾ എനർജി, ഐ സി ടി, ടൂറിസം, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിലെ അവസരങ്ങൾ മനസ്സിലാക്കാനും ഒമാനി ബിസിനസ് സ്ഥാപനങ്ങളുമായി നേരിട്ട് ബന്ധപ്പെടാനും ബി2ബി മീറ്റിംഗ്, നെറ്റ് വർക്കിംഗ് സെഷൻസ്, ഇൻഡസ്ട്രിൽ വിസിറ്റ്സ് എന്നിവയിൽ പങ്കെടുക്കാനും ഡെലിഗേഷൻ അവസരമൊരുക്കും.

ഒമാനെ ജി സി സി, ഈസ്റ്റ് ആഫിക്ക തുടങ്ങിയ വിപണികളിലേക്കുള്ള ഒരു പ്രധാന ബിസിനസ് ഗേറ്റ്വേയായി പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന കേരളത്തിലെ സംരംഭകർക്ക് ഇത് മികച്ച അവസരമാണ്. ഒമാനിൽ നിക്ഷേപം നടത്താനും ജോയിന്റ് വെഞ്ചർ ആരംഭിക്കാനും കയറ്റുമതി വിപണി വികസിപ്പിക്കാനും പുതിയ ബിസിനസ് പങ്കാളികളെ കണ്ടെത്താനും ആഗ്രഹിക്കുന്ന എല്ലാ കേരളീയ നിക്ഷേപകരെയും വ്യവസായികളെയും സംരംഭകരെയും ഇൻമെക്ക് ഡെലിഗേഷനിൽ പങ്കെടുക്കാൻ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ?10,000/ ആണ്. ഇൻമെക്ക് അംഗങ്ങൾക്ക് രജിസ്ട്രേഷൻ സൗജന്യമാണ്. യാത്ര, താമസം, വിസ തുടങ്ങിയ ചെലവുകൾ പ്രതിനിധികൾ വഹിക്കേണ്ടതാണ്. താൽപര്യമുള്ളവർ ഉടൻ ബന്ധപ്പെടുക: +91 96453 73417 , +91 90482 22417.

# യൂണിയൻ ബാങ്ക് 600 മില്യൺ ഡോളർ ബോണ്ട് സമാഹരിച്ചു

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ തങ്ങളുടെ ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്റർ (ഡിഐഎഫ്സി) ശാഖ വഴി 600 മില്യൺ ഡോളറിന്റെ ഡ്യുവൽ ട്രാഞ്ച് റെഗ് എസ് സീനിയർ അൺസെക്യൂർഡ് ബോണ്ടുകൾ വിജയകരമായി പുറത്തിറക്കി. മൂന്ന് വർഷവും അഞ്ച് വർഷവും കാലാവധിയുള്ള 300 മില്യൺ ഡോളർ വീതമുള്ള രണ്ട് ട്രാഞ്ചുകളാണ് ബോണ്ട് ഇഷ്യൂവിൽ ഉൾപ്പെട്ടത്. ആഗോള നിക്ഷേപകരിൽ നിന്ന് ശക്തമായ പ്രതികരണം ലഭിച്ച ബോണ്ട് ഏകദേശം ഏഴിരട്ടി ഓവർസബ്സ്ക്രൈബ് ചെയ്തു.

നിക്ഷേപകരുടെ മികച്ച പങ്കാളിത്തം ഏഷ്യ, യൂറോപ്പ്മിഡിൽ ഈസ്റ്റ്ആഫ്രിക്ക (ഇഎംഇഎ), ഓഫ്ഷോർ യുഎസ് മേഖലകളിൽ നിന്നാണ്. ഇടപാടിലൂടെ രാജ്യാന്തര മൂലധന വിപണികളിലെ ബാങ്കിന്റെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും ഫണ്ടിംഗ് സ്രോതസ്സുകൾ കൂടുതൽ വൈവിധ്യവത്കരിക്കുന്നതിനും സാധിച്ചതായി യൂണിയൻ ബാങ്ക് അറിയിച്ചു. ബാങ്കിന്റെ സാമ്പത്തിക ശക്തി, മെച്ചപ്പെട്ട ലാഭക്ഷമത, ആസ്തി നിലവാരം എന്നിവയിലുള്ള ആഗോള നിക്ഷേപകരുടെ വിശ്വാസമാണ് മികച്ച പ്രതികരണത്തിന് പിന്നിലെന്നും ബാങ്ക് വ്യക്തമാക്കി. 12 വർഷത്തിന് ശേഷമാണ് യൂണിയൻ ബാങ്ക് ഡോളർ ബോണ്ട് വിപണിയിലേക്ക് തിരിച്ചെത്തുന്നത്.




# ജെഎസ്ഡബ്ല്യു എംജി ഹെക്ടർ ടോമഹോക്ക് ഇവി, പിഎച്ച്ഇവി മോഡലുകൾ വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി:** ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ തങ്ങളുടെ ഏറ്റവും പുതിയ എസ്യുവിയായ ഹെക്ടർ ടോമഹോക്ക് വിപണിയിൽ പുറത്തിറക്കി. രാജ്യത്തെ ആദ്യത്തെ മൾട്ടിന്യൂ എനർജി വെഹിക്കിൾ (എൻഇവി) പ്ലാറ്റ്ഫോമായ 'അഡാപ്റ്റ്'ൽ നിർമ്മിച്ച ഈ വാഹനം ഓൾഇലക്ട്രിക് (ഇവി), പ്ലഗ്ഇൻ ഹൈബ്രിഡ് (പിഎച്ച്ഇവി) എന്നീ രണ്ട് പവർട്രെയിൻ ഓപ്ഷനുകളിൽ ലഭ്യമാണ്. 4,745 മില്ലീമീറ്റർ നീളവും 2,810 മില്ലീമീറ്റർ വീൽബേസുമുള്ള ഈ വാഹനം സെഗ്മെന്റിലെ ഏറ്റവും നീളമേറിയതും ഉയരമുള്ളതുമായ എസ്യുവിയാണ്. 5സീറ്റർ, 7സീറ്റർ പതിപ്പുകളിൽ ലഭ്യമായ ഹെക്ടർ ടോമഹോക്ക്, മികച്ച ക്യാബിൻ സ്ഥലസൗകര്യവും ആഡംബരപൂർണ്ണമായ 'ഡെസേർട്ട് സ്ക്വാഡ്രൺ' ഇന്റീരിയർ തീമും പാനരമിക് സ്കൈറൂഫും നൽകുന്നു.

പെർഫോമൻസിലും സാങ്കേതികവിദ്യയിലും മുൻപന്തിയിലുള്ള ഇവി മോഡലിൽ 69.2 കിലോവാട്ട് അവർ മാജിക് ബാറ്ററിയാണ് ഉള്ളത്. ഇത് ഒറ്റ ചാർജിൽ 517 കിലോമീറ്റർ റേഞ്ച് വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിലെ ആദ്യത്തെ പ്ലഗ്ഇൻ ഹൈബ്രിഡ് എസ്യുവിയായ ടോമഹോക്ക് പിഎച്ച്ഇവി, 1.5 ലിറ്റർ പെട്രോൾ എഞ്ചിനും 20.5 കിലോവാട്ട് അവർ ബാറ്ററിയും സമന്വയിപ്പിച്ച് ഫുൾ ടാങ്കിലും ഫുൾ ചാർജിലും 1,100 കിലോമീറ്ററിലധികം ഡ്രൈവിംഗ് റേഞ്ച് ഉറപ്പുനൽകുന്നു. കൂടാതെ, വീടുകളിലേക്ക് വൈദ്യുതി നൽകാൻ സഹായിക്കുന്ന വി2എച്ച് (വെഹിക്കിൾടുഹോം) സാങ്കേതികവിദ്യ, 15.6 ഇഞ്ച് എച്ച്ഡി ഡിസ്പ്ലേ, ലെവൽ 2 അഡാസ് സുരക്ഷാ സംവിധാനങ്ങൾ, 30ലധികം ഹിംഗ്ലീഷ് വോയ്സ് കമാൻഡുകൾ മനസ്സിലാക്കുന്ന ജെൻ എഐ വോയ്സ് അസിസ്റ്റന്റ്, ആദ്യ ഉടമസ്ഥർക്ക് ലൈഫ്ടൈം ബാറ്ററി വാറന്റി എന്നിവയും ഇതിന്റെ പ്രധാന സവിശേഷതകളാണ്.

ബാറ്ററിആസ്എസർവീസ് (ബാസ്) പദ്ധതി പ്രകാരം ഹെക്ടർ ടോമഹോക്ക് ഇവി 13.99 ലക്ഷം രൂപ മുതലും (കിലോമീറ്ററിന് 4.90 രൂപ ബാറ്ററി വാടക) ഹെക്ടർ ടോമഹോക്ക് പിഎച്ച്ഇവി 21.79 ലക്ഷം രൂപ മുതലും (കിലോമീറ്ററിന് 3.20 രൂപ ബാറ്ററി വാടക) ലഭ്യമാണ്. വാഹനം പൂർണ്ണമായി സ്വന്തമാക്കുന്നവർക്കായി ഇവി വേരിയന്റിന് 19.49 ലക്ഷം രൂപ മുതലും പിഎച്ച്ഇവി വേരിയന്റിന് .69 ലക്ഷം രൂപ മുതലുമാണ് എക്സ്ഷോറൂം വില ആരംഭിക്കുന്നത്. വാഹനത്തിനായുള്ള ബുക്കിംഗുകൾ ആരംഭിച്ചുകഴിഞ്ഞു. ഹെക്ടർ ടോമഹോക്ക് ഇവിയുടെ ഡെലിവറി 2026 സെപ്റ്റംബറിലും പിഎച്ച്ഇവി മോഡലിന്റെ വിതരണം 2026 നവംബറിലും ആരംഭിക്കും.

# കേരളത്തിൽ പുതിയ എക്സ്ക്ലൂസീവ് സ്റ്റോറുമായി പ്രസ്റ്റീജ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര അടുക്കള, വീട്ടുപകരണ ബ്രാൻഡായ പ്രസ്റ്റീജ് പാലക്കാട് ചക്കാന്തറയിൽ പുതിയ എക്സ്ക്ലൂസീവ് സ്റ്റോർ തുറന്നു. ഷൊർണൂർ റോഡിലെ വിജയ പ്ലാസയിൽ ആരംഭിച്ച ഈ പുതിയ ഔട്ട്ലെറ്റോടെ പാലക്കാട് നഗരത്തിൽ പ്രസ്റ്റീജിന്റെ എക്സ്ക്ലൂസീവ് സ്റ്റോറുകളുടെ എണ്ണം രണ്ടായി. ഇതോടെ കേരളത്തിലുടനീളമുള്ള ബ്രാൻഡിന്റെ ആകെ സജീവ സ്റ്റോറുകളുടെ ശൃംഖല 65 ലേക്ക് ഉയർന്നു. വരാനിരിക്കുന്ന ഉത്സവ സീസണും ഓണസദ്യയൊരുക്കങ്ങളും മുൻനിർത്തിയാണ് 'ദി പ്രസ്റ്റീജ് ഓഫ് എവരി സദ്യ' എന്ന കാമ്പെയ്ന്റെ ഭാഗമായി പുതിയ ഔട്ട്ലെറ്റ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രശസ്ത ഷെഫ് ഗോപാലകൃഷ്ണ നിളയുടെ നേതൃത്വത്തിൽ തത്സമയ പാചക പ്രദർശനവും സംഘടിപ്പിച്ചു. സ്മാർട്ട് കുക്കർ, എയർ ഫ്രയർ തുടങ്ങിയ ആധുനിക പ്രസ്റ്റീജ് ഉപകരണങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ പായസം, മഷ്റൂം 65, ബിന്ദി ഫ്രൈ എന്നിവ ഉൾപ്പെടെയുള്ള വിഭവങ്ങളാണ് ഇതിലൂടെ പരിചയപ്പെടുത്തിയത്. അടുക്കള, വീട്ടുപകരണങ്ങളുടെ വിപുലമായ ശേഖരം ഒരുക്കിയിട്ടുള്ള സ്റ്റോറിൽ ഉത്സവ സീസൺ പ്രമാണിച്ച് ആകർഷകമായ ഓഫറുകളും ഉറപ്പായ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്കായി സ്പിൻദിവീൽ ഉൾപ്പെടെയുള്ള ഓൺദിസ്പോട്ട് മത്സരങ്ങളും സ്റ്റോറിൽ ലഭ്യമാണ്. വിപണിയിലെ സാന്നിധ്യം കൂടുതൽ കരുത്തുറ്റതാക്കുന്നതിനൊപ്പം ഉപഭോക്താക്കളുമായി മികച്ച ബന്ധം സ്ഥാപിക്കാനും ഈ വിപുലീകരണം സഹായിക്കുമെന്ന് കമ്പനി അറിയിച്ചു.




# കേരളത്തിൽ സാന്നിധ്യം ശക്തമാക്കി ടൂർ ഓൺ

**കൊച്ചി:** കേരള ക്രിക്കറ്റ് ലീഗിലെ തിരുവനന്തപുരം റോയൽസുമായി പങ്കാളിത്തം പ്രഖ്യാപിച്ച് ട്രാവൽ, ടൂർ കമ്പനിയായ ടൂർ ഓൺ. കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായാണ് സഹകരണം. യാത്രയും ക്രിക്കറ്റും തമ്മിലുള്ള ബന്ധം പ്രയോജനപ്പെടുത്തി കേരളത്തിലെ കൂടുതൽ പ്രേക്ഷകരിലേക്ക് എത്തുകയാണ് ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു. ഇന്ത്യയിലുടനീളം യാത്ര കൂടുതൽ എളുപ്പവും വ്യക്തിഗതവുമായ അനുഭവമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ടൂർ ഓൺ വിപുലീകരിച്ചുവരികയാണ്. 2025ൽ ഇന്ത്യൻ പ്രീമിയർ ലീഗിൽ പഞ്ചാബ് കിങ്സുമായുള്ള സ്പോൺസർഷിപ്പ് പങ്കാളിത്തത്തിലൂടെ ദേശീയതലത്തിൽ ബ്രാൻഡ് ശ്രദ്ധനേടിയിരുന്നു. കേരള വിപണിയിൽ കൂടുതൽ ശക്തമായ ബന്ധം സ്ഥാപിക്കുന്നതിനുള്ള അടുത്ത ചുവടുവയ്പ്പാണ് തിരുവനന്തപുരം റോയൽസുമായുള്ള പങ്കാളിത്തമെന്ന് ടൂർ ഓൺ സ്ഥാപകനും സിഇഒയുമായ വികാഷ് മനോഹരൻ പറഞ്ഞു. യാത്ര, ടൂറിസം, കായികം എന്നിവയെ സംയോജിപ്പിച്ചുള്ള കൂടുതൽ പങ്കാളിത്തങ്ങൾ തേടുമെന്നും കമ്പനി വ്യക്തമാക്കി.




# യമഹ വൈസെഡ്എഫ്ആർ2 ഇന്ത്യയിൽ; വില 2.30 ലക്ഷം മുതൽ

**കൊച്ചി:** യമഹ മോട്ടോർ ഇന്ത്യ പുതിയ വൈസെഡ്എഫ്ആർ2 മോട്ടോർസൈക്കിൾ ഇന്ത്യയിൽ അവതരിപ്പിച്ചു. വൈസെഡ്എഫ്ആർ2 ന്റെ ആഗോള അരങ്ങേറ്റം ഇന്ത്യയിലാണ്. 2,30,500 രൂപയാണ് (എക്സ്ഷോറൂം) അടിസ്ഥാന മോഡലിന്റെ വില. മൂന്ന് വേരിയന്റുകളിലും അഞ്ച് നിറങ്ങളിലുമായി വാഹനം സെപ്റ്റംബർ മധ്യത്തോടെ യമഹ ബ്ലൂ സ്ക്വയർ ഡീലർഷിപ്പുകളിൽ ലഭ്യമാകും.

യമഹയുടെ 200 സിസി വിഭാഗത്തിലെ ആദ്യ മോഡലായ വൈസെഡ്എഫ്ആർ2 വിൽ പുതിയ 204 സിസി എൻജിനാണ് ഉപയോഗിച്ചിരിക്കുന്നത്. 26.5 പി എസ് പവറും 19.1 എൻ എം ടോർക്കും ലഭിക്കും. 149 കിലോഗ്രാം ഭാരമുള്ള വാഹനത്തിൽ ബൈഡയറക്ഷണൽ ക്വിക്ക് ഷിഫ്റ്റർ, ട്രാക്ഷൻ കൺട്രോൾ, ഡ്യുവൽ ചാനൽ എ ബി എസ് , മൂന്ന് റൈഡിംഗ് മോഡുകൾ, 5 ഇഞ്ച് റ്റി എഫ് റ്റി ഡിസ്പ്ലേ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്വിക്ക് ഷിഫ്റ്റർ പതിപ്പിന് 2,39,500 രൂപയും റേഞ്ച്ടോപ്പിംഗ് വൈസെഡ്എഫ്ആർ2 എം ന് 2,53,000 രൂപയുമാണ് വില. വൈസെഡ്എഫ്ആർ2 എം ൽ അഡ്ജസ്റ്റബിൾ സസ്പെൻഷൻ ഉൾപ്പെടെയുള്ള അധിക പ്രീമിയം ഫീച്ചറുകളുമുണ്ട്.

ഇന്ത്യൻ നിരത്തുകളിൽ ഇതിനകം 10 ലക്ഷത്തിലധികം ആർ സീരീസ് മോട്ടോർസൈക്കിളുകളുണ്ടെന്നും വൈസെഡ്എഫ്ആർ2 പുതിയൊരു തുടക്കം സൃഷ്ടിക്കുമെന്നും യമഹ അറിയിച്ചു.

# 36 ശതമാനം വളർച്ചയുമായി മീശോ

**കൊച്ചി:** ഉത്സവകാല ഓൺലൈൻ ഷോപ്പിങ്ങിൽ മീശോ മികച്ച വളർച്ച രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ സമാന കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ പ്ലാറ്റ്ഫോമിലെ ഓർഡറുകളിൽ 36 ശതമാനവും ജിഎംവിയിൽ 38 ശതമാനവും വർധനയുണ്ടായി. ആകെ ഓർഡറുകളുടെ 73 ശതമാനവും നോൺമെട്രോ വിപണികളിൽ നിന്നാണ് ലഭിച്ചത്. ടയർ 3, ടയർ 4 നഗരങ്ങളിലാണ് ഏറ്റവും വേഗത്തിലുള്ള വളർച്ച രേഖപ്പെടുത്തിയത്. ഉത്തർപ്രദേശിലെ ദാദ്രിയിൽ 105 ശതമാനം വളർച്ചയുണ്ടായി. അതേസമയം, 58 ശതമാനം ഓർഡറുകളും പ്രീപെയ്ഡ് പേയ്മെന്റ് വഴിയായിരുന്നു. ഉൽപ്പന്നങ്ങൾ വിൽക്കുന്ന വിൽപ്പനക്കാരുടെ എണ്ണത്തിലും 72 ശതമാനം വർധനയുണ്ടായി. വ്യക്തിഗത പേരുകളുള്ള രാഖികൾക്കും ആവശ്യക്കാർ വർധിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com